പ്രീപെയ്ഡ് ഓട്ടോറിക്ഷ/ടാക്സി കൗണ്ടറുകളുടെ നിരക്ക്

329 (3151) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീപെയ്ഡ് ഓട്ടോറിക്ഷ/ടാക്സി കൗണ്ടറുകളുടെ നിരക്ക് നിശ്ചയിച്ചു നൽകിയിട്ടുള്ളത് ആരാണ് ; ഇത്തരം കൗണ്ടറുകളുടെ യാത്രാക്കൂലി നിരക്ക് ചില സ്ഥലങ്ങളിൽ കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിലെ യാത്രാ നിരക്ക് നിശ്ചയിച്ച് നൽകുന്നതിൽ മോട്ടോർ വാഹന വകുപ്പിന്റെ അഭിപ്രായം തേടാറുണ്ടോ ; ഇല്ലെങ്കിൽ മോട്ടോർ വാഹന വകുപ്പിന്റെ കൂടി ശ്രദ്ധ ഈ സംവിധാനത്തിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ബസ്സുകളുടെ ഫെയർ സ്റ്റേജ് നിശ്ചയിക്കുന്ന മാതൃകയിൽ കിലോമീറ്റർ കണക്കാക്കി ഈ സംവിധാനത്തിലെ യാത്രാനിരക്ക് പുനർ നിർണ്ണയം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 17-10-2014-ലെ സ.ഉ.(പി)നം. 74/2014/ഗതാ നമ്പർ ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ള ഓട്ടോ-ടാക്സി നിരക്കുകളാണ് സംസ്ഥാനത്തുടനീളം ബാധകമായിട്ടുള്ളത്. പ്രീ പെയ്ഡ് ഓട്ടോറിക്ഷ/ടാക്സി കൗണ്ടറുകൾ പോലീസിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. പ്രീ പെയ്ഡ് ഓട്ടോ-ടാക്സി നിരക്ക് പ്രത്യേകമായി ഗതാഗത വകുപ്പ് നിശ്ചയിച്ച് നൽകിയിട്ടില്ല. യാത്രാക്കൂലി നിരക്ക് കൂടുതലാണെന്ന് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല ; ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ടാങ്കർ ലോറി അപകടങ്ങൾ ഒഴിവാക്കാൻ നടപടി

330 (3152) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കണ്ണൂർ ജില്ലയിൽ ടാങ്കർലോറി അപകടങ്ങൾ അടിക്കടി ഉണ്ടാകുന്ന സ്ഥലങ്ങൾ എവിടെയൊക്കെയാണ് ; പ്രസ്തുത സ്ഥലങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അപകട മേഖലകൾ കണ്ടെത്തി പ്രസ്തുത സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടുന്നതിനും ഡ്രൈവർമാർക്ക് മുന്നറിയിപ്പ് നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി ഹയർ സെക്കന്ററി സ്കൂൾ പരിസര ത്താണ് ടാങ്കർ ലോറി അപകടങ്ങൾ അടിക്കടി ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ട്രാഫിക് പോലീസിനെ വിന്യസിച്ചും അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അപകട മേഖലകൾ കണ്ടെത്തി പ്രസ്തുത സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടുന്നതിനും ഡ്രൈവർമാർക്ക് മുന്നറിയിപ്പ് നൽകുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ, കണ്ണൂർ നടത്തിയിട്ടുണ്ട്.

1. കല്യാശ്ശേരി ദേശീയ പാത 143/050 മുതൽ 143/300 വരെ റോഡ് വീതികൂട്ടൽ.

2. ചൂടല വളവ് വീതി കൂട്ടൽ പ്രവൃത്തി 129/200 മുതൽ 130/300 വരെ

3. കണ്ണൂർ ജില്ലയിൽ ദേശീയപാതയുടെ വീതികൂട്ടുന്ന പ്രവൃത്തി, വളവ് കറയ്ക്കൽ, ഫുട്പാത്ത്, റോഡ് സിഗ്നലുകൾ എന്നിവ.

4. ദേശീയ പാത 17-ൽ പരിയാരം ആയുർവ്വേദ മെഡിക്കൽ കോളേജ് മുതൽ വളപട്ടണം വരെ അപകടങ്ങൾ ഉണ്ടാകുന്ന ഭാഗങ്ങളിൽ വളവുകൾ കറയ്ക്കുക, കുത്തനെയുള്ള ചെരിവ് കുറയ്ക്കുക, റീട്ടെയിനിംഗ് വാൾ നിർമ്മാണം എന്നീ പ്രവൃത്തികൾക്കും ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ മോട്ടോർ ആക്സിഡന്റിന്റെ അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ കാലിക്കടവ് മുതൽ വളപട്ടണം വരെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly